

Palakkad Police Action
.facebook.com/palakkadpolice
www.twitter.com/DpcPalakkad

# രണ്ടുകോടി രൂപയുമായി അഞ്ചുപേർ പിടിയിൽ

ശരീരത്തിൽ ഒളിപ്പിച്ചുകടത്താൻ ശ്രമിച്ച 2.05 കോടി രൂപയുമായി രണ്ട് മലയാളികളടക്കം അഞ്ചുപേർ പിടിയിൽ. കൊല്ലം സ്വദേശികളായ കച്ചേരി ഹൈസ്കൂൾ ജങ്ഷനിലെ പാരഡൈസ് ഹൌസ് നമ്പർ 204–ലെ എം. സുരേന്ദ്രൻ, ലക്ഷ്മിനട പേട്ടാച്ചിമടം പി.പി. വിവേക്, മഹാരാഷ്ട്ര സ്വദേശികളായ സതാരാ ജിഹേയിലെ പദംസിംഗ്, സംഗലി തായ് ജാത് ഷെഗോൺ നായക് വസതിയിലെ ആർ.എച്ച്. പ്രമോദ്, കർണാടക ബെൽഗാം ഖൊട്ടനാട്ടിയിലെ വി.പി. പ്രഭാകർ എന്നിവരാണ് ഒലവക്കോട് റെയിൽവേസ്റ്റേഷനിൽ നടത്തിയ പരിശോധനയിൽ പിടിയിലായത്.



കോയമ്പത്തൂരിൽ നിന്ന് കൊല്ലത്തേക്ക് കടത്തുകയായിരുന്നു തുക. ഇവർ ധരിച്ച വസ്ത്രത്തിൽ പ്രത്യേകം അറകളുണ്ടാക്കി ഇതിൽ നിറച്ചാണ് തുക സൂക്ഷിച്ചിരുന്നത്. 500-ന്റെയും,2000-ത്തിന്റെയും നോട്ടുകളായിട്ടായിരുന്നു പണം. ഇതിനുമുകളിൽ ഷർട്ടും ധരിച്ചിരുന്നു.

പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ടൗൺ നോർത്ത് എസ്.ഐ.മാരായ ആർ. രഞ്ജിത്ത്, ആർ. രാജേഷ്, Crime squad Team ആർ. കിഷോർ, എം. സുനിൽ, ആർ. വിനീഷ്, ആർ. രാജീദ്, രതീഷ് തുടങ്ങിയവർ പരിശോധനയിൽ പങ്കാളികളായി.

........................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT